**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 950** **11-02-2025 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിലെ വന്യജീവി ശല്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ വിവിധ പഞ്ചായത്തുകളിൽ പുലിശല്യമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | കാസർഗോഡ് ജില്ലയിലെ കാസർഗോഡ് ഡിവിഷന്റെ കീഴിൽ കാസർഗോഡ് റെയിഞ്ച് പരിധിയിൽ പ്രധാനമായും ദേലമ്പാടി, മുളിയാർ, കാറടുക്ക, കുറ്റിക്കോൽ എന്നീ പഞ്ചായത്തുകളിൽ പുള്ളിപ്പുലിയുടെ സാന്നിദ്ധ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടാതെ കാഞ്ഞങ്ങാട് റെയിഞ്ചിന് കീഴിലെ പനത്തടി, മടിക്കൈ, പുല്ലൂർ-പെരിയാ എന്നീ പഞ്ചായത്തുകളിലാണ് പുള്ളിപ്പുലിയുടെ സാന്നിദ്ധ്യം ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ് |
| (ബി) | പുലി, ആന തുടങ്ങിയ വന്യമൃഗങ്ങളുടെ ആക്രമണത്തെ പ്രതിരോധിക്കാൻ വനം വകുപ്പ് എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) | പുള്ളിപ്പുലിയുടെ സാന്നിദ്ധ്യം സ്ഥിരീകരിച്ചതിനുശേഷം അടിയന്തിരമായി പഞ്ചായത്തുകളിൽ ജനജാഗ്രതാസമിതികൾ വിളിച്ചുകൂട്ടുകയും ജനങ്ങളുടെ സുരക്ഷയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ ഭാഗമായി രണ്ട് കൂടുകൾ വാങ്ങുകയും തുടർച്ചയായി പുലികൾ കാണപ്പെട്ട പ്രദേശങ്ങളിൽ നിലവിൽ കൂടുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. വി.എസ്.എസ്, ആർ.ആർ.ടി, മറ്റു പ്രദേശവാസികൾ എന്നിവരുടെ സഹകരണത്തോടെ സ്പെഷ്യൽ ഡ്രൈവ് സംഘടിപ്പിക്കുകയും മുളിയാർ പഞ്ചായത്തിലെ വനത്തിനോട് ചേർന്നുകിടക്കുന്ന നാല് സ്കൂളുകളിൽ പ്രത്യേകമായ അസംബ്ലി വിളിച്ചുചേർത്ത് കുട്ടികൾക്ക് ആവശ്യമായ ജാഗ്രതാ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. നിലവിൽ ബോവിക്കാനത്ത് പ്രവർത്തിക്കുന്ന ദ്രുതകർമ്മ–സേന രാത്രിയും പകലും പ്രത്യേകമായ പട്രോളിംഗ് നടത്തിവരികയും സ്കൂൾ കുട്ടികൾ സഞ്ചരിക്കുന്ന വനമേഖലയിലുള്ള റോഡുകളിൽ സജീവമായ ശ്രദ്ധ ചെലുത്തിക്കൊണ്ട് പ്രവർത്തിക്കുകയും ചെയ്തുവരുന്നുണ്ട്.<br>പുള്ളിപ്പുലിയുടെ സാന്നിദ്ധ്യം തിരിച്ചറിഞ്ഞ ജനവാസസ്ഥലങ്ങളിൽ യാത്രക്കാരുടെയും പൊതുജനങ്ങളുടെയും സുരക്ഷയ്ക്കായി സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുവാൻ ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. നിലവിലുള്ള ഡ്രോൺ ഉപയോഗിച്ച് |

രാത്രികാല പരിശോധന നടത്തിവരുന്നുണ്ട്.

കാസർഗോഡ് ഡിവിഷനിലെ കാസർഗോഡ് റെയിഞ്ചിൽ മനുഷ്യ-കാട്ടാന സംഘർഷം നിലവിലുള്ള ദേലമ്പാടി, കാറഡുക്ക, മൂളിയാർ, ബേഡഡുക്ക, കുറ്റിക്കോൽ ഗ്രാമ പഞ്ചായത്തുകളിൽ കാസറഗോഡ് ജില്ലാ പഞ്ചായത്തിന്റെയും, കാറഡുക്ക ബ്ളോക്ക് പഞ്ചായത്തിന്റെയും, ആയതിനു കീഴിലുള്ള അഞ്ച് പഞ്ചായത്തുകളുടെയും സാമ്പത്തിക സഹായത്താൽ കാറഡുക്ക ആന പ്രതിരോധ പദ്ധതി (KAPP) എന്ന പേരിൽ ഒരു പദ്ധതി സംസ്ഥാനത്ത് ആദ്യമായി തയ്യാറാക്കുകയും കാറഡുക്ക ബ്ളോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള വനാതിർത്തികളിൽ 29 കി.മീ. സൗരോർജ്ജ തൂക്കുവേലി നിർമ്മിക്കാൻ പദ്ധതി തയ്യാറാക്കി അംഗീകരിക്കുകയും ചെയ്തിരുന്നു. ഇതിൽ 21.8 കി.മീ. പ്രവർത്തി 100.05 ലക്ഷം രൂപ ചെലവഴിച്ച് ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. കാഞ്ഞങ്ങാട് റെയിഞ്ചിൽ നബാർഡ് RIDF Tranche XXIX പദ്ധതിയിൽ ഉൾപ്പെടുത്തി 32.5 കി.മീ. സോളാർ തൂക്കുവേലി 2.79 കോടി രൂപ ചെലവിൽ നിർമ്മിക്കുന്നതിനായി നബാർഡിന്റെ അനുമതി ഇതിനകം ലഭിക്കുകയും, ആയതിൽ അഞ്ച് കിലോമീറ്റർ സോളാർ ഫെൻസിംഗ് നിർമ്മാണ പ്രവർത്തി ആരംഭിച്ചിട്ടുള്ളതും ബാക്കിയുള്ള പ്രവർത്തികളുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരികയുമാണ്. പ്രവർത്തനക്ഷമത കുറവുള്ള വിവിധ വൈദ്യുത വേലികൾ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് അറ്റകുറ്റപ്പണികൾ ചെയ്ത് പ്രവർത്തനക്ഷമമാക്കുകയും ചെയ്തിട്ടുണ്ട്. ഇതിനുപുറമെ വനാതിർത്തി പ്രദേശങ്ങളിൽ ജനജാഗ്രത സമിതികൾ രൂപീകരിച്ചും, വാട്ട്സാപ്പ് ഗ്രൂപ്പ് കൂട്ടായ്മകൾ രൂപീകരിച്ചും, ക്യാമറ ട്രാപ്പ്, ജി.പി.എസ് മുതലായ സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തിയും ആർ.ആർ.ടി ജീവനക്കാർ, മറ്റു താൽക്കാലിക വിഭാഗം ജീവനക്കാർ, വനസംരക്ഷണ ജീവനക്കാർ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തിയും മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിച്ചു വരുന്നു. കാസർഗോഡ് റെയിഞ്ചിലെ വന്യമൃഗങ്ങളുടെ നിരീക്ഷണത്തിനും പരിപാലനത്തിനുമായി പുലിപ്പറമ്പ് ഏരിയയിൽ എ.ഐ ക്യാമറ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ നാല് വൈഫൈ ടെക്നോളജി ഉള്ള ക്യാമറയും, എട്ട് ക്യാമറ ട്രാപ്പുകളും, സെർച്ച് ലൈറ്റുകളും നിരീക്ഷണത്തിനായി ഉപയോഗിച്ചുവരുന്നു.

മനുഷ്യ-വന്യമൃഗ സംഘർഷം സംസ്ഥാന സവിശേഷ ദുരന്തമായി പ്രഖ്യാപിച്ചതിന്റെ ഭാഗമായി ജില്ലാ തലത്തിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം സജ്ജമാക്കിയിട്ടുണ്ട്. 9188407542 എന്ന

| | | | |
|---|---|---|---|
| | | | കൺട്രോൾ റൂം നമ്പറിൽ പൊതുജനങ്ങൾക്ക് 24 മണിക്കൂറും സേവനം ലഭ്യമാവുന്നതാണ്. |
| (സി) | കാസർഗോഡ് ജില്ലയിൽ ഉദുമ മണ്ഡലത്തിൽ പുതുതായി ഫോറസ്റ്റ് സ്റ്റേഷൻ അനുവദിക്കുന്ന കാര്യം വനം വകുപ്പിന്റെ പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ; | (സി) | നിലവിൽ പരിഗണനയിലില്ല. |
| (ഡി) | ജില്ലയിൽ വനം വകുപ്പിന് ആവശ്യമായ വാഹനങ്ങൾ ഉൾപ്പെടെയുള്ള സുരക്ഷാ ഉപകരണങ്ങൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഡി) | കാസർഗോഡ് ജില്ലയിൽ മനുഷ്യ-വന്യമൃഗ സംഘർഷ ലഘൂകരണത്തിനായി പുതിയ രണ്ട് ക്യാമ്പർ ജീപ്പുകൾ സംസ്ഥാന വനവികസന ഏജൻ-സിയുടെ ഫണ്ട് ഉപയോഗിച്ച് വാങ്ങിയിട്ടുണ്ട്. ആയത് നിലവിൽ മേൽ പറഞ്ഞ പഞ്ചായത്തുകളിലെ മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്കാണ് ഉപയോഗിച്ചുകൊണ്ടിരി-ക്കുന്നത്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് വാഹനം ഉൾപ്പടെയുള്ള കൂടുതൽ സുരക്ഷാ ഉപകരണങ്ങൾ ഉപയോഗപ്പെടുത്തുന്നതിന് സാധിക്കും. |

സെക്ഷൻ ഓഫീസർ